**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 791** **08-10-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിൽ മലബാർ ദേവസ്വം ബോർഡിന് കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് മാടായി തിരുവർക്കാട്ട് കാവ് ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു നൽകുന്നതിനും അവിടെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | മലബാർ ദേവസ്വം ബോർഡ് ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി, മാടായി ശ്രീ. തിരുവർക്കാട്ട് കാവ് ദേവസ്വം വക റീസർവ്വേ നമ്പർ 23/IA2 ൽ പെട്ട 50 സെന്റ് ഭൂമി കൈമാറുന്നതിന് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 29-ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങളിൽ ഇളവ് അനുവദിക്കുന്നതിലേക്ക്, സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 29-ാം വകുപ്പ് പ്രാവർത്തികമാക്കി സ്ഥലം കൈമാറുന്നതിൽ ബോർഡിന്റെ വ്യക്തമായ അഭിപ്രായം ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ